# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4249** **12.11.2019-ൽ മറുപടിക്ക്**

## വർക്കല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ജോയി | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | വർക്കല മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ; | (എ) | വർക്കല നിയോജക മണ്ഡലത്തിൽ, വിതരണശൃംഖല ശക്തിപ്പെടുത്തുന്നതിനായി, കേന്ദ്രാവിഷ് കൃതപദ്ധതിയായ IPDS ൽ ഉൾപ്പെടുത്തിയും വിതരണശൃംഖല നവീകരണ പദ്ധതിയായ ദ്യുതിയിലുൾപ്പെടുത്തിയും താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br>1. LT ABC വലിക്കുന്ന പ്രവൃത്തി - 15 .621 കി മി<br>2. HT ABC വലിക്കുന്ന പ്രവൃത്തി - 19.05 കി മി<br>3. 11 കെ.വി UG cable ഇടുന്ന പ്രവൃത്തി - 6.5 കി മി.<br>4. 11 കെ.വി ലൈൻ വലിക്കുന്ന പ്രവൃത്തി - 5.9 കി മി<br>5. ട്രാൻസ്ഫോമർ സ്ഥാപിക്കൽ / മാറ്റി സ്ഥാപിക്കൽ - 5 എണ്ണം<br>6. എൽ ടി ലൈനിന്റെ റീ കണ്ടക്ടറിംഗ് പ്രവൃത്തി - 317.2 കി മി<br><br>പ്രസരണ മേഖലയിൽ വിളക്കുളം 33 കെ.വി സബ്സ്റ്റേഷന്റെയും, 33 കെ.വി ലൈനിന്റെയും വർക്കല 110 കെ.വി സബ്സ്റ്റേഷനിൽ നിന്ന് വിളക്കുളം സബ്സ്റ്റേഷനിലേക്കുള്ള 33 കെ.വി ഫീഡർ ലേയുടേയും നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി പൂർത്തിയായെങ്കിലും പൊതുജനങ്ങളിൽ നിന്നുള്ള എതിർപ്പ് കാരണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യുവാൻ സാധിച്ചിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വർക്കലമണ്ഡലത്തിൽ സമ്പൂർണ്ണവൈദ്യുതീകരണ പദ്ധതിയിലുൾപ്പെടുത്തിയും വിതരണശൃംഖല നവീകരണ പദ്ധതിയായ ദ്യുതിയിലുൾപ്പെടുത്തിയും കേന്ദ്രാവിഷ് കൃത പദ്ധതികളായ **IPDS, DDUGJY** എന്നിവയിലുൾ പ്പെടുത്തിയും **KSEBL** താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br>• സർവീസ് കണക്ഷനുകൾ നൽകിയത് - 2202 എണ്ണം ( BPL - 971 എണ്ണം ) |

- എൽ ടി ലൈൻ നിർമ്മിച്ചത് - 52.868 കി മി
- ഡി ടി ആർ മീറ്ററുകൾ സ്ഥാപിച്ചത് - 260 എണ്ണം
- 11 കെ.വി ലൈൻ നിർമ്മിച്ചത് - 9.804 കി മി
- HT ABC നിർമ്മിച്ചത് - 17 കി മി
- 11 കെ.വി UG cable നിർമ്മിച്ചത് - 4 കി മി
- ട്രാൻസ്ഫോമർ സ്ഥാപിച്ചത് /മാറ്റി സ്ഥാപിച്ചത് - 2 എണ്ണം
- LT ABC നിർമ്മിച്ചത് - 14.8 കി മി

വിളക്കുളം 33 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണവും വർക്കല 110 കെ.വി സബ്സ്റ്റേഷനിലെ വിളക്കുളം 33 കെ.വി ബേയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കല 110 കെ.വി സബ്സ്റ്റേഷനിൽ നിന്നും വിളക്കുളം സബ്സ്റ്റേഷനിലേക്കുള്ള 33 കെ.വി ലൈനിന്റെ നിർമ്മാണം നാട്ടുകാരുടെ എതിർപ്പ് മൂലം തടസ്സപ്പെട്ടിരിക്കുകയാണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 8.29 കോടി രൂപയാണ്.

(സി) പ്രസ്തുത പദ്ധതികൾക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

(സി) വിതരണ മേഖലയിൽ ഓരോ പദ്ധതിയ്ക്കും വകയിരുത്തിയ തുക ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | പദ്ധതിയുടെ നിലവിലെ സ്ഥിതി | വകയിരുത്തിയ തുക |
|---|---|---|
| സമ്പൂർണ്ണ വൈദ്യുതീകരണം | പൂർത്തീകരിച്ചു | Rs.110.63 ലക്ഷം |
| ദ്യുതി | നടന്നു വരുന്നു | Rs.2098.82 ലക്ഷം |
| IPDS | നടന്നു വരുന്നു | Rs.606.862 ലക്ഷം |
| DDUGJY | പൂർത്തീകരിച്ചു | Rs.327.958 ലക്ഷം |

സെക്ഷൻ ഓഫീസർ